## സർക്കാർ ഉദ്യോഗസ്ഥരുടെ പേരിലുള്ള വിജിലൻസ് കേസുകൾ

137 (4296) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ പേരിലുള്ള വിജിലൻസ് കേസുകളിൽ പഴക്കംചെന്ന നിരവധി കേസുകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്ന പരാതി പരിശോധിക്കുമോ; എത്ര വർഷംവരെ പഴക്കംചെന്ന കേസുകൾ നിലവിലുണ്ട്; ഇതിനുപരിഹാരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) വിജിലൻസ് കേസുകൾ എളുപ്പത്തിൽ തീർപ്പാക്കാൻ നടപടി സ്വികരിക്കുമോ;

(സി) 2003 മുതലുള്ള കേസുകൾ പ്രത്യേകമായി പരിശോധിക്കുവാൻ ഒരു ജ്യുഡീഷ്യൽ കമ്മീഷനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ചില വിജിലൻസ് കേസുകളുടെ അന്വേഷണം ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാലും ചില സാമ്പിളുകളുടെ പരിശോധനാറിപ്പോർട്ട് ലഭിക്കാനുള്ള കാലതാമസം, അന്വേഷണത്തിനാവശ്യമായ രേഖകൾ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും ലഭിക്കുന്നതിനുള്ള കാലതാമസം, അന്വേഷണ ഉദ്യോഗസ്ഥരുടെ അപര്യാപ്തത എന്നീ കാരണങ്ങളാലും വിജിലൻസ് കേസുകളിലെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ വരുന്നുണ്ട്. നിലവിൽ 730 വിജിലൻസ് കേസുകൾ അന്വേഷണം പൂർത്തിയാക്കാനുണ്ട്. അതിൽ 13 വർഷം വരെ പഴക്കമുള്ള വിജിലൻസ് കേസുകളുണ്ട്. 6 വിജിലൻസ് കോടതികളിലായി 1396 കേസുകൾ വിചാരണ പൂർത്തിയാക്കാനുണ്ട്. സമയബന്ധിതമായി അന്വേഷണങ്ങൾ പൂർത്തിയാക്കാൻ അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിവരുന്നുണ്ട്.

(ബി) വിജിലൻസ് കേസുകളുടെ അന്വേഷണ പുരോഗതി സംബന്ധിച്ച് റെയ്ഞ്ച് പോലീസ് സൂപ്രണ്ടുമാർ പ്രതിമാസ അവലോകനം നടത്തുകയും അന്വേഷണം പൂർത്തിയാക്കാനുള്ള നിർദ്ദേശം നല്കുകയും ചെയ്തുവരുന്നു. വിജിലൻസ് ഡയറക്ടറേറ്റിലും ത്രൈമാസികമായി അന്വേഷണ പുരോഗതി വിലയിരുത്തി സമയബന്ധിതമായി അന്വേഷണങ്ങൾ പൂർത്തിയാക്കാൻ അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം, അനധികൃത സ്വത്ത്സമ്പാദനം

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെയുള്ള മറ്റ് കേസുകൾ ഒരു ടീം രൂപീകരിച്ച് ചീഫ് ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറുടെ നേതൃത്വത്തിൽ കേസന്വേഷണം നടത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം എന്നിവ വിജിലൻസ് ഡയറക്ടർ തലത്തിൽ നല്കിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വിജിലൻസ് അന്വേഷണം**

138(4297) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരായ കേസിന്റെ വിശദാംശങ്ങളും കേസിന്റെ നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) അനുബന്ധമായി* ചേർക്കുന്നു.

**കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അംഗങ്ങളുടെ നിയമനം**

139(4298) ശ്രീ.സണ്ണി ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര :
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിൽ എത്ര അംഗങ്ങളുടെ ഒഴിവുകളുണ്ട്;

(ബി) ഹൈക്കോടതി ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ സമിതി അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അംഗങ്ങളുടെ നിയമനത്തിന് ശിപാർശ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്നും ആരെയൊക്കെയാണ് ശിപാർശ ചെയ്തതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത ഫയൽ ഗവർണർക്ക് സമർപ്പിക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കാലതാമസം വന്നുവെന്നും ഏത് ഓഫീസിലാണ് കാലതാമസം ഉണ്ടായതെന്നും അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly